**കേരള സർക്കാർ**

സംഗ്രഹം

കോട്ടയം ജില്ലയിലെ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ നിർവഹണാധികാരികളായ എല്ലാ ബി.ഡി.ഒ. മാരുടെയും മുനിസിപ്പൽ സെക്രട്ടറിമാരുടേയും പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **225/2018/ധന.** തിരുവനന്തപുരം, തീയതി **10.01.2018**

പരാമർശം - കോട്ടയം ജില്ലാ കളക്ടറുടെ 18.12.2017 ലെ ഡിസികെടിഎം/3726/2017/എഫ്6 നമ്പരായുള്ള കത്ത്

**ഉത്തരവ്**

എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിലുള്ള പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയിരുന്നത് ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ നിന്നും നിർവ്വഹണാധികാരികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ആർ ടി ജി എസ് ട്രാൻസ്ഫർ മുഖാന്തരമായിരുന്നെന്നും എന്നാൽ ട്രഷറി ഇടപാടുകളിൽ നിയന്ത്രണം വരുത്തിക്കൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ നിന്നും മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുവാൻ നിർവ്വാഹമില്ല എന്നും അതിനാൽ എം എൽ എ - എസ് ഡി എഫ് പ്രവർത്തികളുടെ തുക കൈമാറ്റത്തിനായി നിർവ്വഹണാധികാരികളായ എല്ലാ ബി ഡി ഒ മാരുടേയും മുനിസിപ്പൽ സെക്രട്ടറിമാരുടേയും പേരിൽ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി അടിയന്തിരമായി നൽകണമെന്ന് കോട്ടയം ജില്ലാ കളക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, കോട്ടയം ജില്ലയിലെ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ നിർവഹണാധികാരികളായ എല്ലാ ബി.ഡി.ഒ. മാരുടെയും മുനിസിപ്പൽ സെക്രട്ടറിമാരുടേയും പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നിലവിൽ ബാങ്ക് അക്കൗണ്ട് ഉണ്ടെങ്കിൽ അത് തീർപ്പാക്കി, അവശേഷിക്കുന്ന തുക പുതിയതായി ആരംഭിക്കുന്ന റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോട്ടയം

ധനകാര്യ (NC-B) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ